(ഡി) തസ്തികകളിൽ പലകാലത്തായി ഒഴിവുകൾ വരുന്നതിനാൽ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു എന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. ഒഴിവുകൾ പി. എസ്. സി. മുഖേനയും പ്രമോഷൻ, പൊതു സ്ഥലംമാറ്റങ്ങൾ എന്നിവ നടത്തിയും നികത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

പടനിലത്ത് കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ്

35 [2652] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപ്പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ വളരെ ദൂരെയുള്ള നാല് വ്യത്യസ്ത കേന്ദ്രങ്ങളിൽ പോയി വേണം അവരുടെ വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റാൻ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പഞ്ചായത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് നൂറനാട് ഗ്രാമ പഞ്ചായത്തിന്റെ ഹെഡ് ക്വാർട്ടേഴ്സ് ആയ പടനിലത്ത് ഒരു കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പടനിലത്ത് കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) 20000-ന് മുകളിൽ ഉപഭോക്താക്കളുള്ള സെക്ഷനുകൾ വിസ്തീർണ്ണം കൂടി കണക്കിലെടുത്ത് വിഭജിക്കുന്ന കാര്യം പരിഗണിച്ചു വരുന്നുണ്ട്.

ചക്കിട്ടപാറയിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

36 [2653] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപാറയിൽ പ്രവർത്തിക്കുന്ന സബ് എഞ്ചിനീയർ ഓഫീസ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly